# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3817

21/06/2019 ൽ മറുപടി നൽകേണ്ടത്

## സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ.ആർ.രാജേഷ്

**മറുപടി**

ഡോ.ടി.എം. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ,വിശദമാക്കാമോ? | പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിനായി സ.ഉ.(എം.എസ്).241/2018/ധന തീയതി 06.07.2018 സ.ഉ.(എം.എസ്) 278/2018/ധന തീയതി 03.08.2018 സ.ഉ.(എം.എസ്).93/2019/ധന തീയതി 21/02/2019 എന്നിവ പ്രകാരം പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br>1. 1000 സിസി യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള നാലോ അതിൽ കൂടുതലോ ചക്രങ്ങൾ ഉള്ള വാഹനങ്ങൾ ( അംബാസിഡർ കാർ ഒഴികെ) സ്വന്തമായിട്ടുള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കുകയില്ല.<br>2.പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി സ്ഥാപനങ്ങളിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.<br>3.നിലവിൽ തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വാങ്ങുന്ന പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ.<br>4. 2000 രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിലും 2000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്.<br>5. വികലാംഗനായ ഒരു വ്യക്തിക്ക് രണ്ട് പെൻഷന് ( ഒരു ക്ഷേമനിധി ബോർഡ് പെൻഷനും വികലാംഗ പെൻഷനും/ വികലാംഗ പെൻഷനും മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷനും) അർഹതയുണ്ടായിരിക്കുന്നതാണ് . ഇതിൽ ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട് . |

സെക്ഷൻ ഓഫീസർ